# ആലുവ സംവാദവും അഹ്സനിമാരുടെ കുമ്പസാരവും

ഫൈസൽ മുസ്‌ലിയാർ പുതുപ്പറമ്പ്

നാഗൂർ, അജ്മീർ, പൊന്നാനി, ഏർവാടി, മുത്തുപ്പേട്ട, മമ്പുറം, പുത്തൻപള്ളി, ബീമാപള്ളി, തുടങ്ങി ഓച്ചിറ ഉപ്പാപ്പ മുതൽ കോയപ്പാപ്പ വരെ ഊരും പേരും അറിയുന്നതും അറിയാത്തതും ബുദ്ധിയുള്ളതും അല്ലാത്തതുമായ ഖോജാക്കൻമാരെ വിളിച്ച ഇസ്തിഗാസ ചെയ്യുന്നു എന്ന ഓമനപ്പേരിൽ വിളിച്ചു പ്രാർത്ഥിക്കുകയും മനുഷ്യ ജീവിതത്തിൽ അനുഭവിച്ച് കൊണ്ടിരിക്കുന്ന സകലമാന പ്രശ്നങ്ങൾക്കും പരിഹാരം തേടുകയും ചെയ്യുക എന്ന രീതി ശരിയല്ലെന്നും അത് ശിർക്കാണന്നും മുജാഹിദ് പ്രസ്ഥാനം പറഞ്ഞപ്പോൾ മുജാഹിദുകൾക്ക് പ്രാർത്ഥനയുടെ നിർവ്വചനം മനസ്സിലാവാത്തതുകൊണ്ട് ഇതൊക്കെ ശിർക്കാണെന്ന് പറയുന്നത് എന്ന് തെളിയിക്കാൻ വേണ്ടിയാണല്ലോ അഹ്സനിമാർ ആലുവ–കുന്നത്തേരിയിലേക്ക് വന്നത്. അല്ലാഹു അല്ലാത്ത ഒരാളോടും പ്രാർത്ഥിച്ചു കൂടെന്നും അത് ശർക്കാണന്നും അത് നൂറുക്കണക്കായ ആയതുകളിലുടെ വിശുദ്ധ ക്വുർആൻ ഖണ്ഡിതമായി പ്രഖ്യാപിച്ചിട്ടുണ്ടെന്നും അത്കൊണ്ട് തന്നെ ആ ആദർശം തുറന്നു പറഞ്ഞ മുജാഹിദുകൾക്ക് ഇതിൽ തെറ്റ് പറ്റേണ്ട ആവശ്യമില്ലെന്നും മുജാഹിദുകൾ പ്രമാണങ്ങൾ മുൻ നിർത്തി വിശദീകരിക്കുകയുണ്ടായി.

എന്നാൽ നാളിതുവരെ മുജാഹിദുകൾ പറഞ്ഞ് വന്ന നിർവ്വചനം പൊളിക്കാനെന്ന പേരിൽ അഹ്സനിമാർ കൊണ്ട് വന്ന ഒരു ഹദീസിന്റെ തുണ്ടമാണല്ലോ. ‘ലഇൻ ഖാമ അലാ ക്വബ്‌രീ വ ക്വാല യാ മുഹമ്മദ് ല ഉജീബന്നഹു‘ എന്നത്. ഈസാനബി (അ) അവസാന കാലത്ത് ഇറങ്ങിവരുന്നതുമായി ബന്ധപ്പെട്ട് വന്ന പരാമർശങ്ങൾ ഉള്ള ഒരു ഹദീസിന്റെ അവസാന ഭാഗമായി വന്ന ഈ ഒരു വൽക്കരണം നേർക്കുനേർ അർത്ഥം വെച്ചാൽ തന്നെ സംഗതിയും പൊളിയുമെന്ന് ബോധ്യമുള്ളതിനാൽ ഈസാനബി എന്ന ഒരു പരാമർശം പോലും നടത്താതെ ഈ സംഭവത്തെ പൊതുവൽക്കരിച്ച് ആർക്കും എവിടെയും പോയി തേടാമെന്ന് ധ്വനിപ്പിക്കുന്ന രൂപത്തിൽ അവതരിപ്പിക്കാൻ ശ്രമിച്ചെങ്കിലും അത് പാളുകയാണുണ്ടായത് എന്ന് സി.ഡി. കാണുന്നവർക്കെല്ലാം വ്യക്തമാകും.
അല്ലാഹുവോടെപ്പം മറ്റാരോടും ദുആചെയ്യരുതെന്ന് വിശുദ്ധ ക്വുർആൻ സൂറത്തുൽ ജിന്നിലൂടെ പഠിപ്പിച്ചിട്ടുണ്ടെന്നും അത്കൊണ്ട് തന്നെ മുസ്‌ലിമിങ്ങൾ ആരും തന്നെ അല്ലാഹുഅല്ലാത്തവരോട് പ്രാർത്ഥിക്കുന്നില്ലെന്നും മുസ്‌ലിയാക്കാൾ പറഞ്ഞു നോക്കിയെങ്കിലും അവരുടെ വായിൽ നിന്ന് തന്നെ അറിയാതെവന്നുപോയി ‘ഞങ്ങൾ ചെയ്യുന്ന ദുആ’ ‘ഞങ്ങൾ ചെയ്യുന്ന പ്രാർത്ഥന’ എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ. അഥവാ, ഞങ്ങൾ പ്രാർത്ഥിക്കുക തന്നെ ചെയ്യുന്നുണ്ട് എന്ന് അവരുടെ തന്നെ മനസ്സാക്ഷി അവരോട് പറയുന്നുവെന്ന് വ്യക്തം. ഏറ്റവും പുതിയ സുന്നി വോയ്സിൽ (2009 ഫെബ്രു. 16–28) പോലും മർകസ് സമ്മേളനത്തിലെ അന്താരാഷ്ട്ര പണ്ഡിത സമ്മേളനത്തെക്കുറിച്ച് വന്ന ലേഖനത്തിൽ ഇപ്രകാരം കാണാം: ‘‘അവസാനം സുന്നി ആദർശം അരക്കിട്ടുറപ്പിച്ച് കൊണ്ട് വിദേശ പ്രതിനിധികൾ ഒന്നിച്ച് നിന്ന് ബുർദ ചൊല്ലി നബി(സ)യെ വിളിച്ച് പ്രാർത്ഥിക്കുകയായിരുന്നു’’.

ചുരുക്കത്തിൽ മുജാഹിദുകളുടെ നിർവ്വചനം തെറ്റാണെന്ന് തെളിയിക്കുക വഴി തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതൊന്നും ശിർക്കല്ലെന്ന് സ്ഥാപിക്കലായിരുന്നു അഹ്സനിമാരുടെ ലക്ഷ്യം. അതിനായി ഹദീസിനെ പല കൈക്രിയകൾക്കും വിധേയമാക്കി. ഹദീസിന്റെ ടെക്സ്റ്റ് 90% മൂടി വെച്ചുവെന്നത് ഒന്ന്. ഉദ്ധരിച്ച ഭാഗം തന്നെ ഈസാന

ബിയെക്കുറിച്ചാണ് എന്നത് മറച്ചു വെച്ച് വിഷയത്തെ പൊതുവൽകരിക്കാൻ ശ്രമിച്ചുവെന്നത് രണ്ട്. മൂന്നാമതായി തങ്ങൾ ഉദേശിച്ച അർത്ഥത്തിലേക്ക് ഹദീസിനെ മാറ്റി. അതിനായി തങ്ങൾ ഉദ്ദേശിച്ച പ്രസ്തുത ഭാഗത്തിന് നാലിടത്ത് നാലു രൂപത്തിൽ അർത്ഥം കൽപ്പിച്ചു. 'അദ്ദേഹം എന്റെ ഖബ്റിങ്കൽ നിന്ന് യാമുഹമ്മദ് എന്ന് പറഞ്ഞാൽ ഞാനദ്ദേഹത്തിന് ഉത്തരം ചെയ്യും' എന്ന് അർത്ഥം പറയേണ്ട സ്ഥാനത്ത് 'നിങ്ങൾ എന്നെ വിളിച്ചാൽ ഞാനുത്തരം ചെയ്യും' എന്നും 'ഞങ്ങൾ വിളിച്ചാൽ ഉത്തരം ചെയ്യുമെന്ന് മുഹമ്മദുറസൂലുള്ളാഹി' എന്നും 'ഞങ്ങൾ ചോദിച്ചാൽ ഉത്തരം ചെയ്യുമെന്ന് മുഹമ്മദു റസൂലുള്ളാഹി' എന്നും  മൂന്ന് ഘട്ടങ്ങളിൽ മൂന്ന് അർത്ഥങ്ങളാണ് കാരന്തൂരി പാതിരിമാർ ഇതിന് നൽകിയത്. അതൊന്നും പോരാഞ്ഞിട്ട് അവസാനം സെൻസിംഗ് മാസികയിൽ വെണ്ടക്ക നിരത്തിയപ്പോൾ നാലാമതൊരു അർത്ഥം എഴുതി വിടുകകൂടി ചെയ്തു. ആലുവ സംവാദം ലൈവ് റിപ്പോർട്ടായി സെൻസിംഗ് പ്രസിദ്ധപ്പെടുത്തിയപ്പോൾ അവർ നൽകിയ അർത്ഥം 'ആരെങ്കിലും എന്റെ ഖബ്റിനരികിൽ വന്ന് യാ മുഹമ്മദ് എന്ന് വിളിച്ചാൽ ഞാൻ തീർച്ചയായും ഉത്തരം ചെയ്യും എന്ന് നബി(സ്വ) പറഞ്ഞിട്ടുണ്ട്.'' എന്നായിരുന്നു (സെൻസിംഗ് ഫെബ്രുവരി– പേജ് 35)

ഇങ്ങനെ നാലിടത്ത് നാല് അർത്ഥം പറഞ്ഞ് ഹദീസിനെ പച്ചയായി ദുർവ്യാഖ്യാനിക്കുന്ന ജൂത സമാനമായ ഈ പ്രവണത വെച്ച് പൊറുപ്പിക്കാവതല്ലെന്ന തിരിച്ചറിവിനാൽ സംവാദത്തിന് ശേഷം കേരളത്തിലങ്ങോളമിങ്ങോളം നടന്ന വിശദീകരണ പോതുയോഗങ്ങളിൽ ശക്തമായ ഭാഷയിൽ തന്നെ മുജാഹിദുകൾ ഇതിനെ ചോദ്യം ചെയ്തു. അതിനുപുറമെ ഫെബ്രുവരി ലക്കം ഇസ്‌ലാഹ് മാസികയിൽ ഒരു വെല്ലുവിളിയും കൊടുത്തിരുന്നു. അഹ്സനിമാർ ഹദീസിന് നൽകിയ അർത്ഥം തെളിയിച്ചാൽ 5000 രൂപ ഇനാം എന്നായിരുന്നു ഇസ്‌ലാഹിന്റെ വെല്ലുവിളി. കേരളത്തിൽ അങ്ങോളമിങ്ങോളം മുജാഹിദ് പ്രവർത്തകർ ഇസ്‌ലാഹിന്റെ വെല്ലുവിളി പോസ്റ്ററുകളായി പതിക്കുകയും ചെയ്തു. ഇനി പിടിച്ചു നിൽക്കാനാവില്ലെന്ന് ബോധ്യമായ അഹ്സനിമാർ അവസാനമിതാ കുറ്റം ഏറ്റുപറഞ്ഞ് കുമ്പസരിക്കാൻ തയ്യാറായിരിക്കുന്നു. അഹ്സനിമാരെ താങ്ങിനടന്ന് അവർ പറയുന്നതെല്ലാം ഇസ്‌ലാമാണെന്ന് ധരിച്ചുപോയവരേ, ഇനിയെങ്കിലും കണ്ണുതുറക്കാൻ തയ്യാറാവുക. മലപ്പുറം ജില്ലയിൽ വളാഞ്ചേരിക്കടുത്ത എടച്ചലം എന്ന പ്രദേശത്ത് ആലുവ സംവാദവുമായി ബന്ധപ്പെട്ട നടന്നു വരുന്ന ഖണ്ഡനങ്ങൾക്കിടയിലാണ് സംവാദത്തിൽ പങ്കെടുത്ത നൗഷാദ് അഹ്സനി മുജാഹിദുകളുടെ മുമ്പിൽ ഇങ്ങനെ ഏത്തമിട്ട് കുമ്പസരിക്കാൻ തയ്യാറായിരിക്കുന്നത്. അതെ, അന്തിമ വിജയം സത്യത്തിന് തന്നെ. 'നിങ്ങൾ വിളിച്ചാൽ ഞാൻ ഉത്തരം ചെയ്യുമെന്ന്' അർത്ഥം പറഞ്ഞത് പെട്ടെന്നത് പറഞ്ഞപ്പോൾ നാക്കിൽ വന്ന്പോയ ഒരു പിഴവാണെന്നാണ് മുസ്‌ലിയാരുടെ കുമ്പസാരം.

സംവാദത്തിൽ മൂന്നു സ്ഥലങ്ങളിലായി ഇത്തരം കൃത്രിമ അർത്ഥം നൽകിയതൊക്കെ പെട്ടെന്നത് പറഞ്ഞപ്പോൾ വന്നുപോയ നാക്കബദ്ധമാണ് എന്ന് പറഞ്ഞാൽ സാക്ഷാൽ കാന്തപുരം പോലും അംഗീകരിക്കുമെന്ന് തോന്നുന്നില്ല. ഇത് കൊണ്ടും തീരുന്നില്ല വിഷയം. സംവാദത്തിൽ പറഞ്ഞപ്പോൾ നാക്കബദ്ധം വന്നതാണെന്ന് പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിക്കുന്ന നൗഷാദ് മുസ്‌ലിയാരെ നോക്കി പല്ലിളിക്കുന്ന സെൻസിംഗ് മാസികയുടെ 35–ാം പേജ്, എന്ത് ചെയ്യുമെന്നറിയാതെ പരുങ്ങിയ നൗഷാദ് മുസ്‌ലിയാർ ഒരു വിധം ഒന്നിളിച്ചു കൊണ്ട് പറഞ്ഞൊപ്പിച്ചു: ''അത് ഏതോ ഒരു കുട്ടി സംവാദത്തെക്കുറിച്ച് ലേഖനമെഴുതിയപ്പോൾ അങ്ങ് എഴുതിപ്പോയതാണ്. അതാണത്രേ മുജാഹിദുകൾ വലിയൊരു കാര്യമാക്കി എഴുതിയിരിക്കുന്നത്''.

ഇത് ഏതോ ഒരു കുട്ടിയല്ലെന്നും മുഖചട്ടയിൽ പോലും ആലുവ സംവാദം ലൈവ് റിപ്പോർട്ട് എന്ന് പ്രസിദ്ധപ്പെടുത്തി വെണ്ടക്കനിരത്തിയ ലേഖനമാണെന്നും സെൻസിംഗ് ഉയർത്തിക്കാണിച്ച്  മുജാഹിദുകൾ വിശദീകരിച്ചെങ്കിലും പിന്നീട് നൗഷാദ് മുസ്‌ലി

യാരെ ആ വഴിക്ക് കാണ്ടിട്ടില്ല. (നൗഷാദ് മുസ്‌ലിയാരുടെ പ്രസ്തുത പ്രസംഗത്തിന്റെ സി.ഡി. ഈ ലേഖകന്റെ കൈവശം ഉണ്ട്.)

‘നിങ്ങൾ വിളിച്ചാൽ’ എന്നതും ‘ഞങ്ങൾ വിളിച്ചാൽ’ എന്നതും ‘ആരെങ്കിലും വിളിച്ചാൽ’ എന്നതുമൊക്കെ ഞങ്ങൾക്ക് സംഭവിച്ച അബദ്ധമാണെന്ന് തുറന്ന് സമ്മതിച്ച സ്ഥിതിക്ക് ഇനി അഹ്സനിമാരോട് ചോദിക്കാം, പിന്നെന്തിനാണ് മുജാഹിദുകൾക്ക് എതിരെ ഈ ഹദീസുമായി ചെന്നത്? എന്ന്. കുന്നത്തേരിയിലെ സംവാദവിഷയം ഈസാ നബി(അ) നബി(സ്വ)യുടെ ക്വബ്റിനരികിൽ ചെന്ന് യാ മുഹമ്മദെന്ന് വിളിച്ചാൽ നബി(സ്വ)അതിന് ഉത്തരം ചെയ്യുമോ ഇല്ലേ എന്നതായിരുന്നില്ലല്ലോ? മറിച്ച് അമ്പിയാക്കളെയും ഔലിയാക്ക ളെയും വിളിച്ച് ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രാർത്ഥന ശിർക്കാണെന്ന് മുജാഹിദു കൾ പറയാൻ കാരണം അവർക്ക് പ്രാർത്ഥന മനസ്സിലാവാഞ്ഞത് കൊണ്ടാണ് എന്ന് സുന്നികളും അല്ലെന്ന് മുജാഹിദുകളും വാദിച്ചത് ചർച്ചക്ക് വിധേയമാകാനാണല്ലോ അവിടെ വന്നത് .

അതിനു രേഖയായി കൊണ്ടുവന്ന ഈ ഒരേ ഒരായുധം അതിന് ആയുധമാകാൻ പറ്റിയയ തല്ലെന്ന സത്യം ഇപ്പോൾ ഒരു വെളിപാടായി കിട്ടിയതല്ലെന്നത് ഒരു വസ്തുതയാണല്ലോ. എങ്കിൽ പിന്നെ ആ സത്യം ഉള്ളിൽ അടക്കി വെച്ച് വലിയ ഒരു അസത്യം സമർത്ഥി ക്കാൻ ശ്രമിക്കുകയും അത് ആയിരക്കണക്കിന് കോപ്പി സി.ഡി കളായും ലേഖനങ്ങ ളായും പ്രചരിപ്പിക്കുക വഴി ഖുറാഫീ സമൂഹത്തെ മുഴുവൻ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ച ഈ ഒരു നീച കൃത്യം അല്ലാഹു  പൊറുക്കുമോ ? അത്തരം സി.ഡികൾ കേട്ടും വാറോല കൾ വായിച്ചും ആ ഹദീസിനെ അങ്ങനെ മനസ്സിലാക്കി ഈ ശിർക്കിന്റെ പാതയിൽ ഉറച്ച് നിൽക്കാൻ ഏതെങ്കിലും ഒരു ഖുറാഫി തീരുമാനിച്ചെങ്കിൽ അതിനുത്തരവാദി ആരാണ്.? അഹ്സനിമാരേ, ജൂത ക്രൈസ്തവരെ വെല്ലുന്ന ഈ ദുർവ്യാഖ്യാന കസർത്തുകളുമായി ഇനിയും ഊരുചുറ്റുന്നതിന് പകരം സമൂഹത്തോട് സത്യങ്ങൾ തുറന്ന് പറഞ്ഞ് ആത്മാർത്ഥമായി പശ്ചാത്തപ്പിക്കാൻ തയ്യാറാവുക. നൂറുപേരെ കൊന്നവന് പോലും പൊറുത്ത് കൊടുക്കാൻ തയ്യാറായ റഹ്മാനാണ് നാഥൻ എന്നും അതിനാൽ അവൻ തങ്ങളുടെ ചെയ്തികൾ പൊറുക്കുമെന്നും ഉറച്ച് വിശ്വസിച്ച് തൗബചെയ്യാൻ ഒരുങ്ങുക. നരകം ഭയാനകമാണ് എന്നത് മറക്കാതിരിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ – ആമീൻ.